ജൂൺ 2011 വില 15 രൂപ

# മ…ാരത്നം



ഞങ്ങളുടെ പ്രണയത്തിന് ആന്റി ഹീറോ ഇല്ല

–നരേൻ

നാടൻ ദോശയും മോഡേൺ ടേസ്റ്റും

ഹനീഫ്ക്ക ഇപ്പോഴും ഞങ്ങളോടൊപ്പമുണ്ട്

–ഫസീലാ ഹനീഫ്

സുരക്ഷയ്ക്കായി സൂക്ഷിക്കേണ്ട രേഖകൾ

നാസിക ജ്യോതിഷം

ഗൃഹഭരണം ചില ചെപ്പടി വിദ്യകൾ



# മുഖലക്ഷണം മാറ്റുവാൻ നൂതന കോസ്മെറ്റിക് സാധ്യതകൾ

സ്കിൻ സ്പെഷ്യലിസ്റ്റും ബ്യൂട്ടീഷ്യനും വ്യക്തിയുടെ മുഖസൗന്ദര്യവും ലക്ഷണവുമെല്ലാം മാറ്റിമറിക്കുവാൻ യത്നിക്കുമ്പോൾ കോസ്മെറ്റിക് ചികിത്സകൾ ചെയ്യുന്ന ദന്തിസ്റ്റിന് ഇവരോടൊപ്പം മികച്ച രീതിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ കഴിയും. ഒരു മൊത്തം ഫേസ്‌ലിഫ്റ്റിന് പല ചികിത്സകളുടെയും ആവശ്യം വരുമ്പോൾ കോസ്മെറ്റിക്ക് ദന്തചികിത്സകന്റെ ആവശ്യവും ഇന്ന് അനിവാര്യമാണ്.

പ്രായത്തിന്റെ പടവുകളും ജീവിതത്തിന്റെ വളർച്ചയ്ക്കിടയിലും മനസ്സിന്റെ ആത്മവിശ്വാസം കെടുത്തുന്ന സ്വന്തം മുഖമഴകിന്റെ കാര്യത്തിൽ ക്രമംതെറ്റിയ മുൻനിരയിലെ പല്ലുകൾ ആത്മവിശ്വാസത്തിന് തടസ്സമായി നിൽക്കുമ്പോൾ ആശ്വാസമായ രീതിയിൽ കോസ്മെറ്റിക് ചികിത്സ ചെയ്തുതരുവാൻ കഴിയുന്ന ദന്തിസ്റ്റ് ഒരു അനുഗ്രഹംതന്നെയായിരിക്കും.

നിരതെറ്റലുകൾ മാറ്റുവാൻ, വായിൽതന്നെ നേരിട്ട് ചെയ്ത് ഒറ്റ സിറ്റിങ്ങിൽ തന്നെ റിസൽറ്റും നൽകുവാൻ കോമ്പോസിറ്റ് എന്ന ടൂത്ത് കളേർഡ് മെറ്റീരിയലുപയോഗിച്ച് കഴിയും.

ഉദാഹരണത്തിന് നിരതെറ്റിയ പല്ലുകൾ നിരയുള്ളതായി തോന്നുവാൻ കോമ്പോസിറ്റ് വെനീറിംഗ് കൊണ്ടുകഴിയും. ഒരു നേർത്തപാളി പല്ലുകളിൽ മൂടുന്ന രീതിയിൽ ചേർത്ത് പിടിപ്പിക്കുന്നു. പക്ഷേ സ്വാഭാവികതവരുന്ന രീതിയിലുള്ള കോമ്പോസിറ്റ് മെറ്റീരിയൽ കൊണ്ടുള്ള ലെയറിംഗ് ടെക്നിക് പ്രയോഗിക്കണമെന്നുമാത്രം.

അതുപോലെ പ്രയോഗത്തിൽ വരുത്താവുന്ന മറ്റൊരു നൂതനസംവിധാനമാണ് സെറാമിക് വെനീറിംഗ് കോസ്മെറ്റിക്ക്. ലാബുകളിൽ രൂപപ്പെടുത്തിയെടുക്കുന്ന നേർത്ത സെറാമിക് പാളി വളരെ നാചറലായിട്ടുള്ള റിസൽറ്റും നൽകുന്നു. പക്ഷേ കൃത്യതയും ടെക്നിക് പെർഫെക്ഷനും കൂടിവേണം ഈ കോസ്മെറ്റിക് ചികിത്സാരീതി പ്രയോഗിക്കുവാൻ. നമ്മുടെ നാട്ടിൽ വളരെ സാവധാനം ഉപയോഗം വർദ്ധിച്ചുവരുന്ന രീതിയാണിത്.

ഇതുപോലെ സെറാമിക്ക് ക്യാപ് മറ്റൊരു കോസ്മെറ്റിക് സംവിധാനമാണ്. മെറ്റൽഫ്രീ സെറാമിക്ക് പല്ലുകളിൽ ഇടുന്ന ക്യാപുകളുടെ കൂട്ടത്തിൽ കൂടുതൽ ഒറിജിനാലിറ്റി നൽകുന്നു.

ക്യാപുകളും, വെനീറിംഗുകളും ഒപ്പം സമന്വയിപ്പിച്ച് മുൻ നിരയിലെ പല്ലുകളിൽ ചിലതിൽ ഒപ്പം വേണ്ടുന്ന ചെറിയ മാറ്റങ്ങൾ കോസ്മെറ്റിക് റീഷെയ്പ്പിംഗിലൂടെ നടത്തി സൗന്ദര്യമുള്ള ചിരിയുണ്ടാക്കുവാൻ കഴിയുന്നു.





നിരതെറ്റിയ പല്ലുകൾ കമ്പിയിടാതെ തന്നെ നിരയുള്ളതായി റിഷേയ്പിങ്ങിലൂടെ തോന്നിപ്പിക്കുവാൻ സാധിക്കുന്നു. ക്യാപ്പിംഗോ, വെനീറിംഗോ വേണ്ടതാനും.

പല്ലുകളുടെ വിടവുകൾ ആനുപാതികമായി നീളവും വീതിയും ഒപ്പം നൽകി ഗ്യാപ്പടയ്ക്കുമ്പോൾ വലിയ പല്ലുകളായി തോന്നാത്തവിധത്തിൽ രൂപപ്പെടുത്തുവാൻ നൂതനമെറ്റീരിയലുകൾ ഉപയോഗിച്ച് കഴിയുന്നു. പല്ലുകൾക്ക് നൽകുന്ന ഷേയ്പ്പിൽ പ്രത്യേക ഇല്ല്യൂഷ്യൻ സൃഷ്ടിച്ചാണ് ഇത് സാദ്ധ്യമാക്കുന്നത്. കോമ്പോസിറ്റ് വളരെ നന്നായിട്ട് പോളിഷ് ചെയ്യുകയാണെങ്കിൽ നിറവ്യത്യാസംവരാതെ കുറെനാൾ നിലനിൽക്കും. പക്ഷേ സെറാമിക് വെനീറിന് കളർ മങ്ങുകയില്ല. ചെലവ് അൽപ്പം കൂടുമെന്നുമാത്രം.

'ജിൻജൈവൽ സെറാമിക്' ഭംഗികൂട്ടുന്ന ചികിത്സയ്ക്കിടയിൽ ചില പല്ലുകളുടെ നീളം കുറച്ചു തോന്നിപ്പിക്കുവാൻ മോണയുടെ നിറം നൽകുന്ന മറ്റൊരു കോസ്മെറ്റിക് മെറ്റീരിയലാണ്. പ്രത്യേകിച്ചും മോണരോഗമുള്ള വ്യക്തികളിൽ മോണ പുറകോട്ട് മാറി പല്ലിന്റെവേര് കൂടുതലായി കാണുമ്പോൾ ഉണ്ടാകുന്ന അഭംഗി മാറ്റുവാൻ ജിൻജൈവൽ സെറാമിക് ഉപയോഗപ്രദമാണ്.

പല്ലുകളിലെ പാടുകൾ, നിറവ്യത്യാസം, ഇനാമൽ നൽകുന്ന ഗ്ലാസ് ഇഫക്ട്, പല്ലുകളുടെ രൂപപ്പെടലിൽ ഉണ്ടാകുന്ന വികലതകൾമൂലമുള്ള നിറവ്യത്യാസങ്ങൾ തുടങ്ങിയവ വളരെ നാച്ചറലായിട്ട് പുനരുജ്ജീവിപ്പിക്കുന്നതിന് സാധിക്കുന്നു.



മോണരോഗംമൂലം പല്ലുകളുടെ വേരുകൾ തെളിഞ്ഞ് അവയുടെ ഇടയിൽ ത്രികോണാകൃതിയിലുള്ള ഗ്യാപ്പുകൾ ഉണ്ടായാൽ കാണാൻ വളരെ അഭംഗിയായിരിക്കും. പ്രായം കൂടുതൽ തോന്നുവാൻ ഇത് കാരണമാകും. ഈ ഗ്യാപ്പുകൾ അടയ്ക്കുവാനും ഭംഗി കൂട്ടുന്നതിനും പ്രായം കുറച്ച് തോന്നിപ്പിക്കുവാനും വെനീർ ബോണ്ടിംഗ് വഴി ചെയ്യുവാൻ സാധിക്കും.

**ഡോ. ജോസ് നെൽസൺ, ഡെന്റിസ്റ്റ്**
**കൊല്ലം-13, ഫോൺ-9847351226**



